ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ഡെന്റൽ ഉൾപ്പെടെ 2384 ഡോക്ടർമാരുടെ തസ്തിക നിലവിലുണ്ട്. 147 ഡോക്ടർമാരുടേഉൾപ്പെടെ 1602 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെന്റൽ ഉൾപ്പെടെ 511 ഡോക്ടർമാരുടെ തസ്തികകളിൽ ഒഴിവുകളുണ്ട്. പുതുതായി സ്ഥാപിച്ച മെഡിക്കൽ കൗൺസിൽ വ്യവസ്ഥ അനുസരിച്ചുള്ള ഡോക്ടർമാരുടെയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരുടെയും തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിച്ചുവരുന്നു. പുതിയ തസ്തികകളിലേയ്ക്ക് എൻ.ടി കേഡറിൽ പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെന്റൽ ഉൾപ്പെടെ നിലവിൽ ഡോക്ടർമാരുടെ 511 ഒഴിവുകളും നഴ്സുമാരുടെ 281 ഒഴിവുകളും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെ 126 ഒഴിവുകളുമുണ്ട്.

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

23(720) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ സംവിധാനത്തിൽ എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കരൾ, വൃക്ക, കണ്ണ് തുടങ്ങിയ അവയവങ്ങൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ 2012 ആഗസ്റ്റ് മാസം മൃതസഞ്ജീവനി എന്ന പദ്ധതിക്ക് തുടക്കമിട്ടു. ഈ പദ്ധതിപ്രകാരം കേരളത്തിൽ മസ്തിഷ്ക മരണാനന്തരം ലഭിക്കുന്ന അവയവങ്ങളാണ് ഇതിൽ രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് കിട്ടുന്നത്. ഈ പദ്ധതിവഴി അവയവം മാറ്റിവയ്ക്കാൻ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്യുവുന്നതാണ്. സർക്കാർ മെഡിക്കൽ കോളേജിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇപ്പോൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. അവിടെ ശ്വാസകോശം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കും അനുമതി നൽകുകയും ആയതിനുള്ള എല്ലാ സജ്ജീകരണങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

പൾസ് പോളിയോ

24(722) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൾസ് പോളിയോ പ്രതിരോധ മരുന്ന് വിദേശ രാജ്യങ്ങളിൽ നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മരുന്ന് കേരളത്തിൽ ഇപ്പോഴും നൽകുന്നതിന്റെ ശാസ്ത്രീയ അടിത്തറ വിശദമാക്കുമോ;

(സി) ഈ മരുന്ന് ഒരു പ്രാവശ്യം നൽകുന്നതിന്റെ ചെലവ് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെയാണ് ഈ മരുന്ന് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൾസ് പോളിയോ പ്രതിരോധ മരുന്നായ ഓറൽ പോളിയോ വാക്സിൻ (ഒ.പി.വി.) 156 രാജ്യങ്ങളിൽ ഇപ്പോഴും നൽകിവരുന്നു. 47 രാജ്യങ്ങളിൽ ഒ.പി.വി. ഉപയോഗിക്കുന്നില്ല.

അമേരിക്കയിൽ തുടർച്ചയായി 20 വർഷം ഒ.പി.വി. തുള്ളിമരുന്ന് നൽകി പൂർണ്ണമായും പോളിയോ നിർമ്മാർജ്ജനം നടത്തിയശേഷം ഇപ്പോൾ ഇൻജക്ടബിൾ പോളിയോ വാക്സിൻ ഉപയോഗിക്കുന്നു. കൂടാതെ അവിടെ പോളിയോ വൈറസ് പകർച്ചയും (ട്രാൻസ്മിഷൻ) ഇല്ല.

(ബി) കേരളത്തിൽ റൊട്ടിൻ ഇമ്മ്യൂണൈസേഷൻ കവറേജ് ഇപ്പോഴും 83% മാത്രമാണ്. ഇന്ത്യയിൽ ഇത് 65% ആണ്. അയൽ രാജ്യങ്ങളായ അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ ഇപ്പോഴും പോളിയോ വൈറസ് പകർച്ച (ട്രാൻസ്മിഷൻ) നടക്കുന്നുണ്ട്. ആ രാജ്യങ്ങളിൽനിന്നും ധാരാളം

LIBRARY ARCHIVES Kerala Legislative Assembly